ഇല്ലാതെ വരുന്ന സാഹചര്യമാണ് തോട്ടം തൊഴിലാളികളുടെ മേഖലയിലുണ്ടായ അസ്വസ്ഥതയ്ക്ക് പ്രധാന കാരണം. തോട്ടം തൊഴിലാളികൾ ഇന്ന് വളരെയേറെ അസ്വസ്ഥതയോടെയാണ് കഴിയുന്നത്. നേരത്തെയുണ്ടായിരുന്ന ആകർഷകത്വം മാറിയിരിക്കുന്നു. ഈ അവസരത്തിൽ അവർക്കുവേണ്ടി ചെയ്യാൻ കഴിയുന്ന പരമാവധി കാര്യങ്ങൾ ചെയ്യണം. തൊഴിൽ വകുപ്പുമന്ത്രി അതിനുവേണ്ടി ചില പ്രത്യേക പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. അത് ഏറ്റവും വിജയകരമായി നടപ്പിലാക്കാൻ പരമാവധി ശ്രമിക്കുമെന്ന് പറയാനാഗ്രഹിക്കുകയാണ്.

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u>: സർ, എസ്റ്റേറ്റുകളിൽ ആയിരക്കണക്കിനേക്കർ സർക്കാർ ഭൂമി അനധികൃതമായി കൈവശം വച്ചിട്ടുണ്ട്. സ്വാഭാവികമായി ഈ സാഹചര്യത്തിൽ തോട്ടം തൊഴിലാളികൾക്ക് അഞ്ച് സെന്റ് ഭൂമി വീതം കൊടുത്ത് വീട് നിർമ്മിച്ചുകൊടുക്കുന്നതിനുള്ള സമഗ്രമായ നിയമനിർമ്മാണമാണ് നമുക്കാവശ്യം. അതുകൊണ്ട് ഗവൺമെന്റ് മുൻകയ്യെടുത്ത് ഭൂമി ഏറ്റെടുക്കാനും ഏറ്റെടുക്കുന്ന ഭൂമിയിൽ വീട് വച്ച് കൊടുക്കാനുമുള്ള നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ എന്നാണ് അറിയേണ്ടത്?

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, നിയമനിർമ്മാണത്തിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. സർക്കാർ ഭൂമി ആരെങ്കിലും കൈവശം വച്ചിട്ടുണ്ടെങ്കിൽ അത് വീണ്ടെടുക്കാനുള്ള സംവിധാനം സർക്കാരിന്റെ കൈവശമുണ്ട്. നമുക്ക് കൂട്ടായി അത് ചെയ്യാം. ആ ഭൂമി വീണ്ടെടുത്ത് സീറോ ലാൻഡ്ലെസുമായി ബന്ധപ്പെടുത്തി തൊഴിലാളികൾക്ക് ഭവനപദ്ധതി നടപ്പിലാക്കാം.

<u>മി. സ്പീക്കർ</u>: ഇന്ന് 24 സബ്മിഷനുകളുണ്ട്. അതുകൊണ്ട് എല്ലാവരും മറുപടി വളരെ ചുരുക്കി പറയണം.

IV സബ്മിഷൻ

1. മേൽപ്പാലങ്ങളുടെ നിർമ്മാണം

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ഞാൻ നേരത്തെ രണ്ടുപ്രാവശ്യം ഉന്നയിച്ച വിഷയം തന്നെയാണ് വീണ്ടും സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ചേലക്കര മണ്ഡലത്തിലെ മുള്ളൂർക്കര, പൈങ്കുളം റെയിൽവേ ലെവൽ ക്രോസുകളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കാത്തതിന്റെ ഫലമായി ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇത് വളരെ വർഷങ്ങളായുള്ള ഒരാവശ്യമാണ്. ഈ ആവശ്യം ഞാൻ നിയമസഭയിൽ ഉന്നയിച്ചതിന്റെ ഫലമായി സംസ്ഥാന ഗവൺമെന്റും റെയിൽവേയുമെല്ലാം ഇടപെട്ട് മുള്ളൂർക്കരയിലെ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അടിസ്ഥാനപരമായി ചെയ്യേണ്ട കാര്യങ്ങൾ നിർവഹിച്ചുകഴിഞ്ഞു. ഇത് റെയിൽവേയുടെ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെടുത്തുകയും അതോടൊപ്പം 2012-ൽ ആർ.ബി.ഡി.സി.-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏകദേശം 30 കോടി 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തു. ഇതിൽ പകുതി തുക റെയിൽവേയും പകുതി തുക സംസ്ഥാന ഗവൺമെന്റുമാണ് വഹിക്കേണ്ടത്. സംസ്ഥാന ഗവൺമെന്റ് ഈ തുക കെട്ടിവയ്ക്കാനായി സന്നദ്ധമാകേണ്ടതുണ്ട്. ഈ തുക കെട്ടിവയ്ക്കാൻ സന്നദ്ധമായാൽ എത്രയുംവേഗം നിർമ്മാണം തുടങ്ങാമെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. ആ തുക എത്രയുംവേഗം കെട്ടിവയ്ക്കാനുള്ള നടപടി സ്വീകരിക്കണമെന്നും അതോടൊപ്പം പൈങ്കുളം റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണത്തിനാവശ്യമായ അടിസ്ഥാനപരമായ കാര്യങ്ങൾ നിർവ്വഹിക്കാനും ഗവൺമെന്റ് തയ്യാറാകണം. എത്രയും പെട്ടെന്ന് രണ്ട് മേൽപ്പാലങ്ങളുടെയും നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഗവൺമെന്റ് ഇടപെടണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ചേലക്കര മണ്ഡലത്തിലെ മുള്ളൂർക്കരയിൽ റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്ന കാര്യം റെയിൽവേയുടെ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. അതിനാൽ നിർമ്മാണച്ചെലവിന്റെ പകുതി റെയിൽവേ വഹിക്കുന്നതാണ്. ഇതിന്റെ വിശദമായ പദ്ധതിരേഖയും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിക്ക് ഭൂമിയേറ്റെടുക്കുന്നതിനുള്ള 5.53 കോടി രൂപ ഉൾപ്പെടെ ആകെ 30.1 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നകാര്യം പരിഗണിക്കുന്നതാണ്. ഭൂമി ഏറ്റെടുക്കുന്നതിന് നെഗോഷ്യേറ്റഡ് പർച്ചേസ് നടത്താൻ കളക്ടർമാർക്ക് ഉത്തരവ് നൽകിയിട്ടുണ്ട്. ചേലക്കര മണ്ഡലത്തിലെ പൈങ്കുളം റെയിൽവേ ഓവർ ബ്രിഡ്ജിന്റെ പ്രവൃത്തി റെയിൽവേയുടെ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെട്ടിട്ടില്ല. ആർ.ഒ.ബി.-കൾ നിർമ്മിക്കുന്നതിനുള്ള റെയിൽവേയുടെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അവിടെ ഒരു മേൽപ്പാലം നിർമ്മിക്കുന്നതിന് അർഹതയുണ്ട്. പ്രസ്തുത ആർ.ഒ.ബി. നിർമ്മാണം റെയിൽവേയുടെ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെടുത്തുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഇതുസംബന്ധിച്ച് റെയിൽവേയിൽ ഗവൺമെന്റ് സമ്മർദ്ദം ചെലുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly